# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

17-02-2016-ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : *184

### കേന്ദ്ര-സംസ്ഥാന പൊതുമേഖലാ സംയുക്ത പദ്ധതികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സി.മമ്മൂട്ടി<br>ശ്രീ. റ്റി.എ.അഹമ്മദ് കബീർ<br>ശ്രീ. കെ.എം.ഷാജി<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്ര പൊതുമേഖലയുമായി സഹകരിച്ച് വ്യവസായ വകുപ്പ് ഏതെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചു നടപ്പാക്കിയിട്ടുണ്ടോ ;<br><br>(ബി) എങ്കിൽ ഏതെല്ലാം കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായിട്ടാണ് സഹകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ? | (എ) & (ബി) | ഉണ്ട്. മലബാർ സിമന്റ്സ് ലിമിറ്റഡ് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ കൊച്ചിൻ പോർട്ട്ട്രസ്റ്റുമായി സഹകരിച്ച് 160 കോടി രൂപ ചെലവിൽ കൊച്ചി പോർട്ടിൽ സിമന്റ് ലോജിസ്റ്റിക്സ് ഹബ്ബിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. കൂടാതെ കേന്ദ്ര ഭക്ഷ്യസംസ്ക്കരണ വ്യവസായ മന്ത്രാലയത്തിന്റെ സഹകരണത്തോടെ കിൻഫ്രയുടെ ആഭിമുഖ്യത്തിൽ പാലക്കാടും, KSIDC യുടെ ആഭിമുഖ്യത്തിൽ ചേർത്തലയിലും ഓരോ മെഗാഫുഡ് പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഡസ്ട്രിയൽ പോളിസി ആന്റ് പ്രമോഷന്റെ സഹകരണത്തോടെ കിൻഫ്രയുടെ ആഭിമുഖ്യത്തിൽ ഒറ്റപ്പാലത്ത് ഡിഫൻസ് പാർക്ക് സ്ഥാപിക്കുന്നതിനും കേന്ദ്ര സഹായത്തോടെ കൊച്ചിയിൽ ഇലക്ട്രോണിക്സ് മാനുഫാക്ച്ചറിംഗ് ഹബ്ബ് സ്ഥാപിക്കുന്നതിനും അനുമതി ലഭിച്ചിട്ടുണ്ട്. |

ആലപ്പുഴയിലെ കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിൻെറ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വിപണി വിപുലീകരിക്കുന്നതിനും, ആധുനികവത്ക്കരണത്തിനും വേണ്ടി കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ HLL ലൈഫ് കെയർ ലിമിറ്റഡുമായി ചേർന്നുള്ള സംയുക്ത സംരംഭത്തിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചുവരുന്നു.

കെൽട്രോണും ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡുമായി ചേർന്ന് പ്രവർത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

ഇതിനോടൊപ്പം തന്നെ കേന്ദ്ര പൊതു മേഖലാ സ്ഥാപനമായ പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരുന്നു.

ഇതു കൂടാതെ Transformers & Electricals Kerala Ltd (TELK), Steel Complex Ltd, Kerala Electrical & Allied Engg Co Ltd (KEL) എന്നീ സ്ഥാപനങ്ങൾ യഥാക്രമം കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ NTPC, സ്റ്റീൽ അതോറിറ്റി ഓഫ് ഇൻഡ്യ ലിമിറ്റഡ്, ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡ് എന്നിവയുമായി നേരത്തെ തന്നെ ഏർപ്പെട്ടിട്ടുള്ള സംയുക്ത സംരംഭങ്ങളുടെ തുടർ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനും (KSIDC), കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയും (SAIL), കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡും (KMML) ചേർന്ന് സംയുക്ത മേഖലയിൽ 3000 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന 10,000 ടൺ ഉൽപ്പാദനശേഷിയുള്ള ഒരു ടൈറ്റാനിയം സ്പോഞ്ച് പദ്ധതി നടപ്പാക്കുന്നതിനായി 2013 ഏപ്രിൽ മാസം 4-ാം തീയതി ഒരു ധാരണാപത്രം ഒപ്പുവച്ചിരുന്നു. തുടർന്ന് പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്ന തിനായി മേൽപ്പറഞ്ഞ മൂന്ന് സ്ഥാപനങ്ങളു ടെയും പ്രതിനിധികൾ ഉൾപ്പെടുന്ന ഒരു കമ്മിറ്റിയും രൂപീകരിച്ചിരുന്നു. സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ പദ്ധതിയുടെ സാധ്യതാപഠന റിപ്പോർട്ട് മെക്കോൺ എന്ന സ്ഥാപനം മുഖേന നടത്തുകയുണ്ടായി. പ്രസ്തുത കമ്മിറ്റി പല തവണ കൂടുകയും പദ്ധതി മുന്നോട്ട് കൊണ്ടുപോകുന്നതി നായി സാങ്കേതികവിദ്യ തേടുന്നതിനുള്ള താൽപ്പര്യ പ്രകടനം (EoI) ക്ഷണിക്കു വാനുള്ള തീരുമാനമെടുക്കുകയും ചെയ്തി ട്ടുണ്ട്.

സെക്ഷൻ ഓഫീസർ